"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നേമം ബ്ലോക്ക് പഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റ് ആയിരിക്കെ മരണപ്പെട്ട ജ്യോതി എസ് പ്രസാദ് ഓണം അഡ്വാൻസായി കൈപ്പറ്റിയ തുക എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1085/2025/LSGD തീയതി,തിരുവനന്തപുരം, 30-04-2025**

---

പരാമർശം:-
1. 17/07/2017-ലെ സ.ഉ(പി) നം. 91/17/ധന നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 31/01/2024, 11/02/2025 തീയതികളിലെ LSGD/PD/37001/2023-DEB4 നമ്പർ കത്തുകൾ.

**ഉത്തരവ്**

നേമം ബ്ലോക്ക് പഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റ് ആയിരിക്കെ 25/12/2022-ന് മരണപ്പെട്ട ജ്യോതി എസ് പ്രസാദ് ഓണം അഡ്വാൻസായി കൈപ്പറ്റിയ ₹ 20000/- (ഇരുപതിനായിരം രൂപ മാത്രം) എഴുതിത്തള്ളുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ആവശ്യവുമായി ടിയാന്റെ ഭാര്യ ശ്രീമതി ദീപ എസ് എസ്, ബി ഡി ഒ -യ്ക്ക് അപേക്ഷ നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ടിയാന്റെ മരണ സർട്ടിഫിക്കറ്റ്, ഓണം അഡ്വാൻസായി കൈപ്പറ്റിയ ₹ 20000/- പൂർണ്ണമായും ടി ആവശ്യത്തിന് ഉപയോഗിച്ചിട്ടുള്ളതായുള്ള സത്യവാങ്മൂലം, അവകാശ സർട്ടിഫിക്കറ്റ് എന്നിവ ശ്രീമതി ദീപ എസ് എസ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. ടിയാനെതിരെ വിജിലൻസ് കേസുകളോ മറ്റ് അച്ചടക്ക നടപടികളോ ഒന്നും തന്നെ നിലവിലില്ല എന്നും ടി യാൻ മരണപ്പെട്ടതിനാൽ ടിയാനെതിരെ നിലവിലുണ്ടായിരുന്ന വിസി3/2015/എസ്ഐയു-II നമ്പർ വിജിലൻസ് കേസിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവായിട്ടുണ്ടെന്നും ആയതിനാൽ ടി വായ്പ എഴുതിത്തള്ളുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്തുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ കത്ത് ലഭ്യമാക്കിയിരുന്നു. ടിയാന്റെ പേരിൽ ഓണം അഡ്വാൻസ് അല്ലാതെ സർക്കാരിലേയ്ക്ക് അടക്കേണ്ട മറ്റ് ബാധ്യതകൾ ഒന്നും തന്നെ നിലവിലില്ലെന്നുള്ള അഡീഷണൽ ഡയറക്ടറുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ 5 ലക്ഷം വരെയുള്ള സർക്കാർ ബാദ്ധ്യതകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച പരാമർശം (1) ഉത്തരവിൽ പ്രതിപാതിക്കുന്ന ബാദ്ധ്യതകളിൽ ഓണം അഡ്വാൻസും ഉൾപ്പെടുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ നേമം ബ്ലോക്ക് പഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റ് ആയിരിക്കെ മരണപ്പെട്ട ജ്യോതി

എസ് പ്രസാദ് ഓണം അഡ്വാൻസായി കൈപ്പറ്റിയ ₹20,000/- (ഇരുപതിനായിരം രൂപ മാത്രം) എഴുതിത്തള്ളിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ദീപ റ്റി വി**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീമതി. ദീപ എസ് എസ്, W/o ജ്യോതി എസ് പ്രസാദ് (Late), ഹെഡ് അക്കൗണ്ടന്റ്, നേമം ബ്ലോക്ക് പഞ്ചായത്ത്. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2757444/ഡെവ-1/66/2024-ധന dt 09/04/2024 മുഖേന)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/127/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Suja. M
Date: 02-05-2025 12:25:09

സെക്ഷൻ ഓഫീസർ